## ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം.

**(ഹാജർ: എച്ച്. ദിനേശൻ ഐ എ എസ്)**

വിഷയം: കൊവിഡ് 19 – ഇടുക്കി ജില്ല - കൺടെയിൻമെൻറ് മേഖലകൾ വിജ്ഞാപനം ചെയ്ത്/വിടുതൽ ചെയ്ത് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം : 1) G.O (Ms) No. 18/2020/DMD തീയതി 17.06.2020
2) G.O (Rt) No. 10/2021/DMD തീയതി 04.01.2021
3) ജില്ലാ മെഡിക്കൽ ഓഫീസർ (ആ) യുടെ 07-01-2021 തീയതിയിലെ അപേക്ഷ.

### ഉത്തരവ് നമ്പർ DCIDK/65/2021 – DM1 തീയതി: 07-01-2021

കൊവിഡ് - 19 നിർവ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും, ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കൺടെയിൻമെന്റ് മേഖലകളിൽ നിലവിലെ ലോക്ക്ഡൌൺ നിയന്ത്രണങ്ങൾ തുടരുന്നതിനും, ആവശ്യമെങ്കിൽ പ്രസ്തുത മേഖലകളിൽ അധിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയും ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ കണ്ടെയ്ൻമെന്റ് മേഖലകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ജില്ലയിലെ കൊവിഡ് വ്യാപനം കണക്കിലെടുത്ത് കണ്ടെയ്ൻമെന്റ് മേഖലകളിൽ ഉൾപ്പെടുത്തേണ്ട/ ഒഴിവാക്കേണ്ട മേഖലകൾ സംബന്ധിച്ച് പരാമർശം (4) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ (ആ) ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ജില്ലയിൽ സമ്പർക്കം മൂലമുള്ള കോവിഡ് - 19 കേസുകൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കണ്ടൈൻമെൻറ് മേഖലകളായി വിജ്ഞാപനം ചെയ്തിരുന്ന **ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ / പ്രദേശങ്ങൾ കണ്ടെയ്ൻമെൻറ് മേഖലകളിൽ നിന്നും ഒഴിവാക്കി** ദുരന്തനിവാരണ നിയമം 2005 സെക്ഷൻ 30 (2 ) (v) പ്രകാരം ഉത്തരവാകുന്നു.

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനം | കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് സോൺ |
|---|---|---|
| 1. | കട്ടപ്പന നഗരസഭ | a) 1 -ാം വാർഡ് പൂർണ്ണമായും<br>b) 10, 12 വാർഡുകളിൽ ഉൾപ്പെട്ടുവരുന്ന കട്ടപ്പന – കൊച്ചുതോവാള റോഡിൽ നിരപ്പേൽ ഷോപ്പ് മുതൽ അത്തിക്കയം (11 -ാം വാർഡിന്റെ അതിർത്തി വരെ) വരെയുള്ള റോഡിന്റെ ഇരുവശങ്ങളും |

ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ/ പ്രദേശങ്ങൾ കണ്ടെയ്ൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖലകളായി തുടരുന്നതാണ്.

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | കണ്ടെയിൻമെന്റ് / മൈക്രോ കണ്ടെയിൻമെന്റ് മേഖല |
|---|---|---|
| 1. | ഏലപ്പാറ ഗ്രാമ പഞ്ചായത്ത് | a) 11 -ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന കോഴിക്കാനം ഒന്നാം ഡിവിഷൻ പൂർണ്ണമായും.<br>b) 13-ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന കീഴേപെരുംതറ പുതുലയം ഭാഗം ഒഴികെയുള്ള മുഴുവൻ ഭാഗങ്ങളും |
| 2. | കട്ടപ്പന നഗരസഭ | 14-ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന കട്ടപ്പന — പുളിയന്മല റോഡിൽ പാറക്കടവ് ജംഗ്ഷൻ മുതൽ കമ്പനിപ്പടി ജംഗ്ഷൻ വരെയുള്ള റോഡിന് ഇരു വശങ്ങളും. |
| 3. | മരിയാപുരം ഗ്രാമ പഞ്ചായത്ത് | a) 1-ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന മില്ലുംപടി ജംഗ്ഷൻ മുതൽ സി.എസ്.ഐ കുന്ന് വരെയുള്ള ഭാഗങ്ങൾ<br>b) 8, 9 വാർഡുകളിൽ ഉൾപ്പെട്ടു വരുന്ന ഇടുക്കി ടൌൺ പൂർണ്ണമായും.<br>c) 6-ാം വാർഡ് പൂർണ്ണമായും. |
| 4. | അടിമാലി ഗ്രാമപഞ്ചായത്ത് | 1-ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന ഇരുമ്പു പാലം - പഴമ്പിള്ളിച്ചാൽ റോഡിൽ പഴമ്പിള്ളിച്ചാൽ ഗവ. എൽ പി സ്കൂൾ മുതൽ പഴമ്പിള്ളിച്ചാൽ ചപ്പാത്ത് വരെയും, കമ്പിലൈൻ - ഒഴുവത്തടം റോഡിൽ പഴമ്പിള്ളിച്ചാൽ ചപ്പാത്ത് മുതൽ കമ്പിലൈൻ വരെയും ഉള്ള ഭാഗങ്ങൾ |

**കൺടെയിൻമെന്റ് മേഖലകൾ ഒഴികെയുള്ള ജില്ലയുടെ മറ്റ് മേഖലകളിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും ഇളവുകളും ബാധകമായിരിക്കുന്നതാണ്.**

ഈ ഉത്തരവിന് ഇന്നേ ദിവസം **(07.01.2021)** മുതൽ കണ്ടെയ്ൻമെൻറ് മേഖലയിൽ നിന്നും പ്രസ്തുത കണ്ടെയ്ൻമെൻറ്/ മൈക്രോ കണ്ടെൻമെൻറ് മേഖലകളെ ഒഴിവാക്കുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ജില്ലാ കളക്ടർ & ചെയർമാൻ
ജില്ലാ ദുരന്ത നിവാരണ അതോറിറ്റി

സ്വീകർത്താക്കൾ -

1. ജില്ലാ പോലീസ് മേധാവി, ഇടുക്കി
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി
3. സബ് കളക്ടർ, ദേവികുളം.
4. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
5. എല്ലാ തഹസിൽദാർമാർക്കും.
6. സെക്രട്ടറി, തൊടുപുഴ/കട്ടപ്പന നഗരസഭ.
7. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (ഡിഡിപി മുഖേന)
8. ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് (തഹസിൽദാർ മുഖേന)

പകർപ്പ് -

1. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഇടുക്കി, തൊടുപുഴ
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പ്രസിദ്ധീകരണത്തിനായി)
3. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്